മിസ്റ്റർ പി. ഗോവിന്ദമേനോൻ : നോട്ടീസുവേണം.

RURAL LIBRARIES—AUTHORITY FOR SELECTING BOOKS—PARTICULARS REGARDING

76. (39) **Mr. Kodanat Narayanan Nambudiripad** *(Land-holders):* Will Government be pleased to state.—

(*a*) whether there is a board or Committee for selecting books to the rural libraries;

(*b*) if not, who is responsible for the selection of such books?

Mr. C. A. Ouseph *(Minister for Education and Public Health):*

(*a*) There is no special Board or Committee for selecting books to rural libraries.

(*b*) Books yearly supplied to these libraries are being selected by the managing committee of each library. They submit indent for books worth Rs. 75 out of which books worth Rs. 50 will be supplied. The Government have ordered that selection of books is entirely left to the discretion of the Library authorities themselves.

മിസ്റ്റർ കോടനാട്ട് നാരായണൻനമ്പൂതിരിപ്പാട് : കമ്മിറ്റി സെലക്ട് ചെയ്യുന്ന പുസ്തകങ്ങൾ അധികഭാഗവും കിട്ടാതെയാണ് വരുന്നതെന്നു ഗവൺമെണ്ടിന്നറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പ് : അറിവില്ല.

മിസ്റ്റർ കോടനാട്ട് നാരായണൻനമ്പൂതിരിപ്പാട് : ഒരുകൊല്ലം കൊടുക്കുന്ന പുസ്തകങ്ങൾതന്നെ പിന്നെയും സെലക്ട് ചെയ്യുന്നതായി ഗവൺമെണ്ടിന്നറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പ് : അങ്ങിനെ ഉണ്ടെങ്കിൽ അതു പാടില്ലാത്തതാണ്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി : കമ്മിറ്റി പ്രിസ്ക്രൈബ്ചെയ്ത പുസ്തകങ്ങൾതന്നെ മുഴുവൻ ലൈബ്രറികൾക്കും കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ് : നോട്ടീസുവേണം.

മിസ്റ്റർ പി. കെ. ഡീവർ : എഴുപത്തിഅഞ്ചുരൂപയ്ക്കുള്ള പുസ്തകം സെലക്ട്ചെയ്യുകയുണ്ടായതിൽ അമ്പതു രൂപയുടെ പുസ്തകം അയച്ചുകൊടുക്കാവുണ്ടു് എന്നു പറഞ്ഞുവല്ലോ. ബാക്കി ഇരുപത്തിയഞ്ചു രൂപയുടെ പുസ്തകം അവർ മേടിക്കുന്നുണ്ടോ എന്നു അന്വേഷിയ്ക്കാവുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ് : അന്വേഷിക്കാവുണ്ടു്.

REPORT IN "KAHALAM" DATED 21ST THULAM 1124—REGARDING TRESPASS

77. (346) മിസ്റ്റർ കെ. കെ. കണ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നു് സദയം മറുപടി പറയുമോ.—

(എ) പരിയാരത്തു പാറെക്കാടൻ കുഞ്ഞുവറീതു് എന്നാൾ കുറെ തുർക്കാരുമായി മണിയൻ കുമ്പൻ എന്നാൾ കൃഷി നടത്തുന്ന സ്ഥലം കയ്യേറുവാൻ ചെന്നു വെന്നുള്ള ഒരു റിപ്പോർട്ടു് ഫ്രണ്ട് തുലാം 21-ാംനു-യിലെ "കാഹളത്തിൽ" പ്രസിദ്ധീകരിച്ചിട്ടുള്ളതു് ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അതിനെക്കുറിച്ചു് അന്വേഷണം നടത്തുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഇല്ല. ഫ്രണ്ട് തുലാം 21-ാംനു-യിലെ "കാഹളത്തിൽ" പ്രസിദ്ധപ്പെടുത്തിയതു ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

(ബി) ഉവ്വു്.

മിസ്റ്റർ കെ. കെ. കണ്ണൻ : ഇങ്ങിനെയുള്ള ആക്ഷേപങ്ങൾ കിട്ടിക്കഴിഞ്ഞാൽ ഗവൺമെണ്ടു അന്വേഷണം നടത്തി എന്തു നടപടിയാണു് എടുക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അന്വേഷണത്തിന്റെ ഫലമായി ഏതെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെന്നു കണ്ടാൽ ആ കുറ്റക്കാരെ പ്രോസിക്യൂട്ടുചെയ്യും.

മിസ്റ്റർ കെ. കെ. കണ്ണൻ : ഇതുപോലെയുള്ള കേസുകൾ ഉണ്ടായിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ധാരാളമുണ്ടായിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ : ഈ കേസിന്റെ അന്വേഷണം ഇതേവരെ പൂർത്തിയായിട്ടില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഈ ചോദ്യത്തിനു ഉത്തരം തയാറാക്കുന്ന സമയത്തു പൂർത്തിയായിട്ടില്ല. അതിനുശേഷം പൂർത്തിയായിട്ടുണ്ടോ എന്നറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly